**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3030** **13-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ റോഡുകൾ ബി.എം. ആൻഡ് ബി.സി. ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മഞ്ചേരി മണ്ഡലത്തിലെ കാരക്കുന്ന്-ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെ ഗതാഗതം ദുഃസ്സഹമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഭാഗങ്ങളിൽ അടിയന്തരമായി റോഡ് വീതി കൂട്ടി ബി.എം. ആൻഡ് ബി.സി. ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | നാട്ടുകാണി - പരപ്പനങ്ങാടി റോഡിൽ ഡി.എഫ്.ഐ.പി പദ്ധതിയിൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധിക്കാത്ത ഭാഗങ്ങൾ നവീകരിക്കുന്നതിന് വേണ്ടി ബാലൻസ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ജസീല ജംഗ്ഷൻ മുതൽ മഞ്ചേരി കച്ചേരിപ്പടി വരെ റോഡ് വീതി കൂട്ടി ബി.എം. ആൻഡ് ബി.സി. ചെയ്ത് മഞ്ചേരി സെൻട്രൽ ജംഗ്ഷൻ വീതി കൂട്ടി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവറിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മഞ്ചേരി മണ്ഡലത്തിലെ നെല്ലിപ്പറമ്പ് മുതൽ കച്ചേരിപ്പടി വരെ ഭൂമി ഏറ്റെടുത്ത് വീതി കൂട്ടുന്നത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ തയ്യാറാക്കുന്നതിനായി ഇൻവസ്റ്റിഗേഷൻ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ഏറനാട് താലൂക്ക് മഞ്ചേരി ജസീല ജംഗ്ഷനിലെ മേൽപാലം നിർമ്മിക്കുന്നതിന് 1650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈ ഓവർ പ്രവൃത്തിക്കാനാവശ്യമായ അലൈൻ മെന്റിനു അംഗീകാരം നൽകുകയും ചെയ്തിരുന്നു. ഡിസൈൻ ലഭ്യമാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നൽകുകയും ഡിസൈൻ വിങ് കുറച്ചു കൂടി വിശദവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നതുമാണ്. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുകയാണ്. |
| (സി) | പാണ്ടിക്കാട് വണ്ടൂർ വടപുറം റോഡിൽ പാണ്ടിക്കാട് ഒരവമ്പുറം മുതൽ കോടശ്ശേരി പാലം വരെയുള്ള ഭാഗം ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മുള്ളിയാകുറിശ്ശി-പാണ്ടിക്കാട് റോഡിൽ | (ഡി) | ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ നിലവിൽ |

| | | | |
|---|---|---|---|
| | ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; | | പരിഗണനയിലില്ല. |
| (ഇ) | മാലാംകുളം-ചെറാങ്കുത്ത്-ചെറുകുളം റോഡ്, ചെരണി-പന്നിപ്പാറ റോഡ് എന്നിവ ബി.എം. ആൻറ് ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഇ) | ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല. |
| (എഫ്) | ചെരണി-മംഗലശ്ശേരി- കുമങ്കുളം റോഡ്, ചോലക്കൽ-തോട്ടു പോയിൽ-മീമ്പാറക്കൽ റോഡ് എന്നിവ ബി.എം. ആൻറ് ബി.സി. ചെയ്ത് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;? | (എഫ്) | ചെരണി-മംഗലശ്ശേരി- കുമങ്കുളം റോഡ് നിലവിൽ ബി.എം. ചെയ്തിട്ടുള്ളതാണ്. പൈപ്പ് ലൈനിനു വേണ്ടി ട്രഞ്ച് എടുത്ത ഭാഗങ്ങളിൽ ബി.എം. ലെയർ പൂർത്തീകരിച്ചിട്ടുണ്ട്. മഴമാറുന്ന മുറയ്ക്ക് ബി.സി. ലെയർ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. ചോലക്കൽ-തോട്ടുപോയിൽ-മീമ്പാറക്കൽ റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യുന്ന പ്രവൃത്തിക്ക് നിലവിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അറ്റകുറ്റപണികൾക്കായി ആർ.സി-1 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ